# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5645 27.03.2018 ൽ മറുപടിയ്ക്ക്

**<u>മതിയായ രേഖകളില്ലാതെ വാഹനം ഓടിച്ചവരുടെ എണ്ണം</u>**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 2017 -ൽ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ നടത്തിയ റെയ്ഡുകളിൽ മതിയായ രേഖകളില്ലാതെ വാഹനമോടിച്ച എത്ര വാഹന ഉടമസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ട്;വ്യക്തമാക്കാമോ; | (എ) | മതിയായ രേഖകളില്ലാതെ വാഹനമോടിച്ച 2,29,497 വാഹന ഉടമകൾക്കെതിരെ നടപടി എടുത്തിട്ടുണ്ട്. രജിസ്ട്രേഷൻ പുതുക്കാത്ത നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ, സാധുതയില്ലാത്ത ഇൻഷുറൻസ് സർട്ടിഫിക്കറ്റുമായി സർവ്വീസ് നടത്തുന്ന ട്രാൻസ് പോർട്ട് വാഹനങ്ങൾ, പെർമിറ്റ് ഇല്ലാതെ ഓടുന്ന ട്രാൻസ് പോർട്ട് വാഹനങ്ങൾ, സി.എഫ്.. പുക പരിശോധനാ സർട്ടിഫിക്കറ്റുകളില്ലാതെ ഓടുന്ന വാഹനങ്ങൾ, ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനമോടിക്കൽ, ആർ.സി. ബുക്ക്, വാഹന നികുതി അടച്ചതിന്റെ ടോക്കൺ എന്നിവയില്ലാതെ വാഹനമോടിക്കൽ തുടങ്ങിയ നിയമലംഘനങ്ങൾക്കെതിരെയാണ് നടപടിയെടുത്തത്. |
| (ബി) | ഇവർക്ക് നൽകാവുന്ന പരമാവധി ശിക്ഷ എന്താണ്: വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഡ്രൈവിംഗ് ലൈസൻസില്ലാതെ വാഹനം ഓടിച്ചാൽ 1000/- രൂപ, ആർ.സി. പുതുക്കാതെ വാഹനം ഓടിച്ചാൽ 2000/- രൂപ, ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ/പെർമിറ്റ് ഇല്ലാതെ വാഹനം ഓടിച്ചാൽ എൽ.എം.വി. വാഹനത്തിന് 3000/-, എം.എം.വി. വാഹനത്തിന് 4000/- രൂപ, എച്ച്.എം.വി. വാഹനത്തിന് 5000/- രൂപ, ഇൻഷുറൻസ് ഇല്ലാതെ ഓടുന്ന വാഹനത്തിന് 1000/- രൂപ എന്നിങ്ങനെയാണ് പരമാവധി പിഴ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ